**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 123** **22-07-2021 - ൽ മറുപടിയ്ക്ക്**

**പഴയങ്ങാടി സബ്ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇൻകെൽ നിർമ്മാണ നിർവ്വഹണ ഏജൻസിയായിട്ടുള്ള, 243 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതും നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലെത്തി നിൽക്കുന്നതുമായ കണ്ണൂർ ജില്ലയിലെ പഴയങ്ങാടി സബ്ട്രഷറി കെട്ടിട നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | പഴയങ്ങാടി സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പഴയങ്ങാടി ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റിയിൽ നിന്നും 11.75 സെന്റ് സ്ഥലം ലഭ്യമാക്കിയിട്ടുള്ളതും, അവിടെ ട്രഷറിക്ക് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാരിൽ നിന്നും 2,43,18,330 രൂപയുടെ ഭരണാനുമതിയും, സിവിൽ, ഇലക്ട്രിക്കൽ ഉൾപ്പെടെയുള്ള ജോലികൾക്കായി 2,13,91,000 രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതും, നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിട്ടഡ് പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി തിരഞ്ഞെടുക്കപ്പെട്ട കോൺട്രാക്ടർ ആയ ശ്രീ. അബ്ദുൽ ഷെരീഫിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. നിലവിൽ പഴയങ്ങാടി സബ്ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ സിവിൽ , ഇലക്ട്രിക്കൽ അനുബന്ധ ജോലികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. ഫർണിഷിംഗ് പ്രവൃത്തികൾ പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ